## III. ശ്രദ്ധ ക്ഷണിക്കൽ

### (1) നദികളിലെ മണൽ നീക്കം ചെയ്യൽ

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, 2018-ലെ മഹാപ്രളയത്തിലും 2019-ലെ പ്രളയത്തോട് സമാനമായ വെള്ളപ്പൊക്കത്തിലും അതിതീവ്ര മഴയിലും സംസ്ഥാനത്തെ നദികളിലും പുഴകളിലും വേമ്പനാട് കായൽ അടക്കമുള്ള വലിയ ജലാശയങ്ങളിലും വൻതോതിൽ മണലും മണ്ണും ചെളിയും മറ്റും വന്ന് അടിഞ്ഞുകൂടുകയും നമ്മുടെ ജലാശയങ്ങളുടെയും ജലസംഭരണികളുടെയും ആഴം കുറയുകയും അതുമൂലം ജലസംഭരണശേഷിയിൽ വലിയ തോതിൽ കുറവ് വരികയും ചെയ്തിട്ടുണ്ടെന്ന വസ്തുത നാം എല്ലാവരും ഒരുപോലെ അംഗീകരിക്കുന്ന കാര്യമാണ്. തുടർച്ചയായ കനത്ത മഴയില്ലാതെതന്നെ നമ്മുടെ നദികളും ജലാശയങ്ങളും കരകവിഞ്ഞൊഴുകുകയും കൃഷിയിടങ്ങളും ഗാർഹിക മേഖലയും മറ്റ് വാണിജ്യ-വ്യവസായ മേഖലകൾപോലും വെള്ളം കയറി നശിക്കുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. ഇതുമൂലം വൻതോതിലുണ്ടായിട്ടുള്ള കൃഷിനാശം സർക്കാർ പ്രത്യേകമായി വിലയിരുത്തേണ്ടതാണ്. സംസ്ഥാനത്തെ പല നദികളുടെയും പുഴകളുടെയും ജലാശയങ്ങളുടെയും മധ്യത്തിൽ മണൽ

അടിഞ്ഞുകൂടി തുരുത്ത് രൂപപ്പെട്ടിരിക്കുകയാണ്. അത്തരം തുരുത്തുകളിൽ മരങ്ങൾ വളർന്നുവരികയും ചെയ്തിട്ടുണ്ട്. ഇതോടെ പുഴ വഴി മാറി സഞ്ചരിക്കുന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള നദികളും ജലാശയങ്ങളും വീക്ഷിക്കുന്ന ഏതൊരാൾക്കും ഇത് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ജലസ്രോതസ്സുകളുടെ സംഭരണശേഷി വൻതോതിൽ കുറയുന്നത് വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകാനും ജലസേചനത്തെ ദോഷകരമായി ബാധിക്കാനുമിടയുണ്ട്. ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും ചെളിയും കൃത്യമായ അളവിൽ സർക്കാരിന്റെ കർശന നിർദേശത്തോടെയും നിയന്ത്രണത്തോടെയും എടുത്തുമാറ്റുന്നതിനും അതുവഴി ജലസംഭരണശേഷി വർധിപ്പിക്കുന്നതിനും നദികളും പുഴകളും മറ്റ് ജലാശയങ്ങളും ശുചീകരിക്കുന്നതിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിക്കേണ്ടതാണ്. സംസ്ഥാനത്ത് നടന്നുവരുന്ന ലൈഫ് ഭവന പദ്ധതി അടക്കം പ്രാദേശിക വികസനത്തിനും വൻകിട വികസന നിർമ്മാണത്തിനും നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും റവന്യൂ വരുമാനം വർധിപ്പിക്കുന്നതിനും അതിലൂടെ

സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിക്കും സംരക്ഷണം നൽകാനും സംസ്ഥാനത്തിന്റെ ആവാസവ്യവസ്ഥയെ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും സാധ്യമാകുന്ന കാര്യം സംബന്ധിച്ച് സർക്കാരിന്റെ സവിശേഷമായ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേയ്ക്കായി ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായി കേരളമാകെ ചർച്ച ചെയ്യുന്ന വിഷയമാണ്. സംസ്ഥാനത്തെ 2018-ലെ മഹാപ്രളയവും 2019-ലെ പ്രളയത്തിന് സമാനമായ വെള്ളപ്പൊക്കവുംമൂലം നദികളിൽ വലിയ തോതിൽ ചെളിയും എക്കലും പാറയും മറ്റ് പാഴ്‌വസ്തുക്കളും അടിഞ്ഞുകൂടിയിരുന്നത് നദികളുടെ സ്വാഭാവിക ഒഴുക്കിന് തടസ്സം നേരിടാൻ കാരണമായെന്നത് ഒരു വസ്തുതയാണ്. ഇതിന് പരിഹാരമായി നദികളുടെ സ്വാഭാവിക ഒഴുക്കും പ്രളയത്തിന് മുമ്പുണ്ടായിരുന്ന പൂർവസ്ഥിതിയും വീണ്ടെടുക്കുന്നതിനുവേണ്ടി നദികളിലടിഞ്ഞുകൂടിയ ചെളി, എക്കൽ, പാറ കഷണങ്ങൾ എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തി ജലസേചന വകുപ്പ് മുഖേനയും

മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടുകൂടിയും നടപ്പിലാക്കിയതാണ്. സംസ്ഥാനത്ത് ആകെയുള്ള 44 നദികളിൽ കല്ലായി ഒഴികെയുള്ള നദികളിൽനിന്ന് 9835939.41 ക്യൂബിക് മീറ്റർ മണ്ണും ചെളിയും നീക്കം ചെയ്തിട്ടുണ്ട്. 30 നദികളിൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ 2018-19 കാലഘട്ടത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രളയം ബാധിച്ച നദികളിൽ അടിഞ്ഞുകൂടിയ ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്ത് പ്രളയ ജലം വഹിക്കുന്നതിനുള്ള നദികളുടെശേഷി കൂട്ടുന്നതിനുവേണ്ട ഉചിതമായ നടപടികൾ 2005-ലെ ദുരന്ത നിവാരണ നിയമത്തിലെ 24, 34 വകുപ്പുകൾ പ്രകാരം സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് 24-12-2019-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തരം നദികളിൽ അടിഞ്ഞുകൂടിയ എക്കൽമണ്ണ്, ചെളി എന്നിവ മാറ്റുന്നതിനുള്ള പ്രവൃത്തികൾ നടത്തിയിട്ടുള്ളതാണ്. കേരളത്തിൽ മണൽ വാരൽ നടത്തുന്നതും നിയന്ത്രിക്കുന്നതും 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിന്റെ

അടിസ്ഥാനത്തിലാണ്. ഈ നിയമപ്രകാരം രൂപീകരിച്ചുവരുന്ന കടവുകമ്മിറ്റികൾ മുഖേനയാണ് നദികളിൽനിന്ന് മണൽ വാരിവന്നിരുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി 27-02-2012-ന് പുറപ്പെടുവിച്ച Deepak Kumar vs State of Haryana സംസ്ഥാന വിധിയുടെയും ബഹുമാനപ്പെട്ട ദേശീയ ഹരിതട്രൈബ്യൂണൽ 05-09-2013-ൽ പുറപ്പെടുവിച്ച വിധിയുടെയും അടിസ്ഥാനത്തിൽ രാജ്യത്ത് പുഴമണൽ ഖനനത്തിന് പാരിസ്ഥിതിക അനുമതി നിർബന്ധമാക്കി. ആയതിന്റെ അടിസ്ഥാനത്തിൽ മണൽ ഖനനത്തിന് പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം, 2016-ൽ Environmental Impact Assessment (EIA) ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചു. അതേത്തുടർന്ന് Sustainable and Mining Management Guidelines of 2016 and 2020; Enforcement & Monitoring Guidelines for Sand Mining (EMGSM) എന്നിവ നിലവിൽ വരികയും ചെയ്തു. പ്രസ്തുത ഗൈഡ്‌ലൈനുകളുടെ പശ്ചാത്തലത്തിൽ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം വകുപ്പ് 9(ബി), വകുപ്പ് 29

എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 17 നദികളിൽ നിയമാനുസൃതം മണൽഖനനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. എന്നാൽ, ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ 14-10-2020-ലെ ഒ.എ. നം.40/2020 കേസിൽ മണൽഖനനത്തിനുള്ള പാരിസ്ഥിതിക അനുമതിക്കാവശ്യമായ ഡിസ്ട്രിക്റ്റ് സർവെ റിപ്പോർട്ട് തയ്യാറാക്കേണ്ടത്, നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് (NABET) അല്ലെങ്കിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകൃത കൺസൾട്ടന്റുകൾ മുഖേന ആയിരിക്കണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് sand auditing-ന്റെ അടിസ്ഥാനത്തിൽ മണൽ ലഭ്യത കണ്ടെത്തിയിരുന്ന 17 നദികൾ ഉൾപ്പെട്ട 11 ജില്ലകളിൽനിന്നും - കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പാരിസ്ഥിതിക അനുമതിയോടുകൂടി മണൽഖനനം ആരംഭിക്കുന്നതിന് ഡിസ്ട്രിക്റ്റ് സർവെ റിപ്പോർട്ട് കേന്ദ്ര സർക്കാർ സ്ഥാപനമായ CSIR - National Institute For Interdisciplinary Science and Technology (NIIST) മുഖേന

തയ്യാറാക്കുന്ന പദ്ധതി 14-02-2022-ൽ പ്രത്യേക ഉത്തരവുപ്രകാരം ആരംഭിച്ചു. പ്രസ്തുത റിപ്പോർട്ടുപ്രകാരം കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം എന്നീ എട്ട് ജില്ലകളിൽ മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ ഉള്ളതായി കണ്ടെത്തിയിരുന്നു. അതിൽ കൊല്ലം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ അഞ്ച് ജില്ലകളുടെ ഡി.എസ്.ആർ., State Environment Impact Assessment Authority (SEIAA) അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ മണൽ ലഭ്യതയുള്ള രണ്ട് കടവുകളും കുളത്തൂപ്പുഴ റിസർവ് വനമേഖലയിലും കുളത്തൂപ്പുഴ ഇ.എസ്.എ. വില്ലേജ് പരിധിയിലും ഉൾപ്പെട്ടതിനാൽ പുഴമണൽ ഖനനം ഉൾപ്പെടെയുള്ള ഖനന പ്രവർത്തനങ്ങൾ പാടില്ലെന്ന് SEIAA നിർദേശിച്ചിട്ടുണ്ട്. കാസർഗോഡ്, പത്തനംതിട്ട ജില്ലകളുടെ ഡി.എസ്.ആർ. SEIAA-യുടെ പരിഗണനയിലാണ്. എറണാകുളം ജില്ലയുടെ കരട് ഡി.എസ്.ആർ.-ന്റെ സബ്ഡിവിഷൻ കമ്മിറ്റിയുടെ സ്ഥല പരിശോധന പുരോഗമിക്കുകയാണ്. കോഴിക്കോട്, ഇടുക്കി, കോട്ടയം എന്നീ മൂന്ന് ജില്ലകളിൽ കരട് ഡി.എസ്.ആർ. പ്രകാരം മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ നിലവിലില്ല. പ്രസ്തുത ജില്ലകളിലെ മണൽ ലഭ്യത

സംബന്ധിച്ച പരിശോധന ആറ് മാസത്തിനുശേഷം വീണ്ടും നടത്തുന്നതിന് 22-10-2024-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം തീരുമാനിച്ചിട്ടുള്ളതും അപ്രകാരം സർക്കാർ നിർദേശം നൽകിയിട്ടുള്ളതുമാണ്. മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളുടെ ഡി.എസ്.ആർ. റിപ്പോർട്ടുപ്രകാരം മണൽ ഖനന സാധ്യതയുള്ള 13 നദികളിലെ Sand Mining സൈറ്റുകളുടെ ഗൈഡ്‌ലൈൻ പ്രകാരമുള്ള അതിർത്തി നിർണയവും summer water level-നെ mean sea level-മായി ലിങ്ക് ചെയ്യുന്ന പ്രവർത്തനവും നിലവിൽ പുരോഗമിക്കുന്നു. മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ഡി.എസ്.ആർ. പ്രകാരമുള്ള അഞ്ച് ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള 45 കടവുകളുടെ അതിർത്തി നിർണയം പൂർത്തിയാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ലകൾക്ക് നേതൃത്വം നൽകേണ്ട, ആക്റ്റ് അനുസരിച്ചുള്ള ജില്ലാതല കമ്മിറ്റിയും നിലവിൽ വന്നിട്ടുണ്ട്. അതിർത്തി നിർണയം പൂർത്തിയായ സാൻഡ് മൈനിങ് സൈറ്റുകൾക്ക് മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മുന്നോടിയായി മൈനിങ് ആൻഡ് ജിയോളജി വകുപ്പിൽ നിന്ന് Letter of Intent ലഭിക്കേണ്ടതായിട്ടുണ്ട്. എന്നാൽ നിലവിലുള്ള കോടതി

വിധികളും കേന്ദ്രസർക്കാർ മാനദണ്ഡങ്ങളും പരിശോധിച്ചതുപ്രകാരം Letter of Intent നൽകുന്നതിന് നിലവിലുള്ള നിയമത്തിലോ ചട്ടത്തിലോ വ്യവസ്ഥയില്ലെന്ന് കണ്ടെത്തുകയുണ്ടായി. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമായിട്ടുണ്ട്. ചട്ടങ്ങളിൽ അടിയന്തരമായി ഭേദഗതി വരുത്തി മൈനിങ് പ്ലാനും അനുബന്ധ രേഖകളും തയ്യാറാക്കി SEIAA സമർപ്പിച്ച പാരിസ്ഥിതിക അനുമതി നേടി, സംസ്ഥാനത്ത് മണൽ ഖനനം എത്രയുംവേഗം ആരംഭിക്കാൻ കഴിയുമെന്നാണ് ഈ ഘട്ടത്തിൽ സൂചിപ്പിക്കുന്നത്. മണൽവാരലുമായി ബന്ധപ്പെട്ട പ്രശ്നം ഇന്ന് കേരളത്തിലെ എല്ലാ ജില്ലകളിലുമുണ്ട്. ബഹുമാനപ്പെട്ട പുതുക്കാട് അംഗമാണ് ഈ വിഷയം ഉന്നയിച്ചതെങ്കിലും കേരളത്തിലെ എല്ലാ ജില്ലകളും അനുഭവിക്കുന്ന പ്രധാന പ്രശ്നമാണെന്നുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം ഒഴിവാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം അനിവാര്യമാണ്. വ്യവസായ മേഖലയിൽ നടപ്പാക്കിയതുപോലെ ഒറ്റ

ഉത്തരവിറങ്ങി കാലവിളംമ്പം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. കനാലുകളുടെയും പുഴകളുടെയും സംരക്ഷണത്തിന് ഓരോ പ്രദേശത്തിനും അനുസൃതമായ സംരക്ഷണ ഭിത്തി നിർമ്മിച്ച് സംരക്ഷിക്കണമെന്നുകൂടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിൽത്തന്നെ റിവർ മോണിറ്ററിംഗ് ഫണ്ടിൽ നിന്നുള്ള രണ്ട് പ്രവർത്തനങ്ങൾ ഈ കാലയളവിനുള്ളിൽ ഏറ്റെടുക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം നിർദേശിച്ചതുപോലെ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് കൂട്ടായ ഒരു ആലോചന നടത്തി അതനുസരിച്ച് മണൽവാരൽ ആരംഭിച്ചാൽ റിവർ മോണിറ്ററിങ് ഫണ്ടിലേക്ക് വരുന്ന സംഖ്യ പൂർണ്ണമായും കേരളത്തിലെ പുഴകൾ ഉൾപ്പെടെയുള്ള ജലസേചന മാർഗങ്ങളുടെ തീരങ്ങൾ കെട്ടിസംരക്ഷിക്കുന്നതിനും ആയതിന്റെ ജീവൻ നിലനിർത്താനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണമെന്നതാണ് സർക്കാരിന്റെ അഭിപ്രായം. അങ്ങയുടെ നിർദേശംകൂടി കണക്കിലെടുത്തുകൊണ്ട് അത് വേഗത്തിൽ നടപ്പാക്കാവുന്നതാണ്.

## (2) മീനച്ചിലാർ പദ്ധതി

ശ്രീ. അനൂപ് ജേക്കബ്: സർ, മൂവാറ്റുപുഴ ആറിനെ വരൾച്ചയിലേക്ക് തള്ളിവിടുന്ന മീനച്ചിലാർ പദ്ധതി നടപ്പാക്കരുതെന്നാണ് എനിക്ക് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്. ടി പദ്ധതിയെ സംബന്ധിച്ച് 2024 നവംബർ മാസത്തിൽ വാപ്കോസ് ലിമിറ്റഡ് എന്ന കമ്പനിക്ക് സാധ്യതാ പഠനത്തിന് ഗവൺമെന്റ് എഗ്രിമെന്റ് നൽകിയിട്ടുണ്ട്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ഈ വിഷയം സഭയിൽ പ്രതിപാദിക്കുകയുണ്ടായി. മീനച്ചിലാർ പദ്ധതിയെക്കുറിച്ച് കഴിഞ്ഞ ദശാബ്ദങ്ങൾക്കിടയിൽ അനവധി തവണ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഫീസിബിളല്ല/വയബിളല്ല എന്ന രീതിയിൽ മാറി മാറി വന്ന സർക്കാരുകൾ പദ്ധതി പരിപൂർണമായും ഉപേക്ഷിച്ചതായിരുന്നു. നെതർലാൻഡ്സ് മിഷനുമായി ബന്ധപ്പെട്ട കുട്ടനാട് വാട്ടർ ബാലൻസ് സ്റ്റഡി 1989-ൽ കൊണ്ടുവന്ന റിപ്പോർട്ടിനെ മറ്റൊരു രീതിയിൽ പൊടി തട്ടിയെടുത്ത് വീണ്ടും പഴയ രീതിയിൽത്തന്നെ കൊണ്ടുവരാനുള്ള ശ്രമമുണ്ടാകുന്നു എന്നാണ് ഇപ്പോഴുള്ള പ്രധാന ആശങ്ക. ടി പദ്ധതിയുമായി ബന്ധപ്പെട്ട് മുന്നോട്ട്

പോകുന്നതിന്റെ പ്രായോഗിക-പാരിസ്ഥിതിക പ്രശ്നങ്ങൾ പല തവണ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. 2007-ൽ എൽ.ഡി.എഫ്. സർക്കാർ, മൂലമറ്റം റിസർവോയറിൽ മീനച്ചിലാർ പദ്ധതിക്കായി സർപ്ലസ് ജലമില്ലെന്ന് കണ്ടെത്തി റിപ്പോർട്ട് ചെയ്തതാണ്. അതായത് മൂവാറ്റുപുഴ ആറിൽനിന്നും മീനച്ചിലാറിലേക്ക് കൊണ്ടുപോകാൻ അധികജലമില്ലെന്ന് കണ്ടെത്തിയതാണ്. പക്ഷെ വീണ്ടും പത്തംഗ സംഘത്തെ വീണ്ടും പഠനത്തിന് നിയോഗിക്കുകയുണ്ടായി. ടി പഠനത്തിന്റെ അടിസ്ഥാനത്തിൽ 2008-ൽ അന്നത്തെ കമ്മിറ്റി കൂടുതൽ പ്രതിസന്ധികൾ ചൂണ്ടിക്കാട്ടി. പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് അന്നാണ് അവർ ചൂണ്ടിക്കാണിക്കുന്നത്. രണ്ട് മുതൽ ആറ് കിലോമീറ്റർ വരെ ടണൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടും പുഴയുടെ അടിത്തട്ട് ഖനനം ചെയ്തെടുക്കുന്നതുമായി ബന്ധപ്പെട്ടുമുള്ള വിഷയങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-മായി ബന്ധപ്പെട്ടുള്ള വിഷയങ്ങളും സൂചിപ്പിച്ചു. ഇത് വൈദ്യുതി ഉല്പാദനത്തെ ദോഷകരമായി ബാധിക്കുമെന്ന നിലയിലായിരുന്നു റിപ്പോർട്ട്. ഒപ്പംതന്നെ മൂവാറ്റുപുഴ നദീതടത്തിൽ നിന്നും മീനച്ചിലാറിലേക്ക് നൽകാൻ അധികജലമില്ലെന്ന് വീണ്ടും ആവർത്തിച്ച് പറയുകയാണ്. അതിന്റെ

ഇതരമാർഗങ്ങളും അന്നത്തെ സർക്കാർതന്നെ മുന്നോട്ട് വയ്ക്കുകയുണ്ടായി. മീനച്ചിൽ പുഴയുടെ കൈവഴികളായ തീക്കോയി, പൂഞ്ഞാർ, ചിറ്റാർ മുതലായ പുഴകൾ കേന്ദ്രമാക്കി ചെറുതും വലുതുമായ ഡാമുകൾ, തടയണകൾ മുതലായവ സ്ഥാപിച്ചുകൊണ്ട് മുന്നോട്ട് പോകണമെന്നതായിരുന്നു ആൾട്ടർനേറ്റീവ് സജഷൻ. മീനച്ചിൽ പ്രദേശത്തേക്ക് ജലം കൊടുക്കരുതെന്ന ആശയമല്ല ഇവിടെ സൂചിപ്പിക്കുന്നത്. ആ പ്രദേശത്തേക്ക് തീർച്ചയായും വെള്ളം കൊടുക്കണം. അതിന് സമാനമായ മറ്റൊരു പദ്ധതി കൊണ്ടുവരണം. മൂവാറ്റുപുഴ ആറിലുള്ള ജലം ഇല്ലാതാക്കിക്കൊണ്ട് വേറൊരു പ്രദേശത്തേക്ക് വെള്ളം കൊടുക്കുമ്പോൾ അത് വലിയ പ്രതിസന്ധിയിലേക്ക് പോകും. തൊടുപുഴ, മൂവാറ്റുപുഴ, പിറവം, കടുത്തുരുത്തി, വൈക്കം തുടങ്ങിയ നിയോജകമണ്ഡലങ്ങളിലെ ചെറുതും വലുതുമായ 60 കുടിവെള്ള പദ്ധതികൾ ഇവിടെ നിന്നാണ് ആരംഭിക്കുന്നത്. ചേർത്തലയിലേക്കും ആലപ്പുഴയിലേക്കുമുള്ള കുടിവെള്ളം നൽകുന്നത് ഇവിടെനിന്നാണ്. കൊച്ചിയിലെ ഇൻഡസ്ട്രിയൽ ഏരിയയിലേക്ക് ജലമെത്തുന്നത് ഇവിടെ നിന്നാണ്. മരടിലേക്കും പശ്ചിമ കൊച്ചിയിലേക്കും  എറണാകുളം സിറ്റിയുടെ

ചില ഭാഗങ്ങളിലേക്കും ജലമെത്തിക്കുന്നത് മൂവാറ്റുപുഴ ആറിൽ നിന്നുതന്നെയാണ്. ഈ കുടിവെള്ള പദ്ധതികളെയെല്ലാം ഇത് ദോഷകരമായി ബാധിക്കുന്നു. ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിലായി എം.വി.ഐ.പി. കനാലിന്റെ പ്രധാനപ്പെട്ട സ്രോതസ് മൂവാറ്റുപുഴ ആറാണ്. ഈ പ്രദേശങ്ങളിലെ ഇറിഗേഷൻ ഫെസിലിറ്റീസിന് വെള്ളം എത്തിക്കുന്നതും പ്രദേശിക സൊസൈറ്റികളിലെ കുടിവെള്ളത്തിന്റെ സ്രോതസ്സും എം.വി.ഐ.പി. കനാലിലൂടെ വേനൽ കാലത്ത് വരുന്ന വെള്ളമാണ്. അത് ഇല്ലാതെയാകുന്ന സാഹചര്യമാണുള്ളത്. ഇറിഗേഷന്റെ അനവധി ചെറുകിട ജലസേചന പദ്ധതികളെയും ഇത് ദോഷകരമായി ബാധിക്കും. മൂവാറ്റുപുഴ ആറിൽ വേനൽ കാലത്ത് സർപ്ലസ് വെള്ളമില്ലെന്നറിയാൻ ലക്ഷക്കണക്കിന് തുക മുടങ്ങി വിദഗ്ധ സമിതിയെ നിയോഗിക്കേണ്ട കാര്യമില്ല. വേനൽ കാലത്ത് അവിടെ വന്ന് നോക്കിയാൽ തന്നെ മനസ്സിലാകുന്നതാണ്. ഞാൻ ഇവിടെ സൂചിപ്പിച്ച എല്ലാ കുടിവെള്ള പദ്ധതികളിലും പമ്പിങ് സ്റ്റേഷനുമുന്നിൽ വേനൽ കാലത്ത് താല്കാലിക തടയണ നിർമ്മിച്ചുകൊണ്ടാണ് പമ്പിങ് കാര്യക്ഷമമായി ചെയ്യുന്നത്. അധികവെള്ളമില്ലെന്നത് വ്യക്തമാണ്. അതിന് വിദഗ്ധ

സമിതിയോ പഠനമോ ആവശ്യമില്ല. അതൊരു ഫാക്ടാണ്. ടി പദ്ധതിയുമായി മുന്നോട്ടുപോയാൽ ദോഷകരമായ സാഹചര്യം ആ പ്രദേശത്തുണ്ടാകും. ഒരു വരൾച്ചയിലേക്ക് തള്ളിവിടുന്ന സ്ഥിതിയുണ്ടാകും. ഇക്കാര്യം നിരവധി തവണ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ അനുകൂലമായ ഒരു ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രതീക്ഷിക്കുന്നു. മൂവാറ്റുപുഴ താലൂക്ക്, കോട്ടയം, വൈക്കം, പശ്ചിമകൊച്ചി, ആലപ്പുഴ തുടങ്ങി നിരവധി പ്രദേശങ്ങളിൽ ജലമെത്തിക്കുന്നതിന് മൂവാറ്റുപുഴ ആറിനെ നിലനിർത്താനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്. മറ്റൊരു പ്രദേശത്തേക്ക് വെള്ളം കൊടുക്കുമ്പോൾ ഒരു പ്രദേശത്തെ ജനങ്ങളുടെ ജീവിക്കാനുള്ള അവകാശം നിഷേധിക്കരുതെന്ന കാര്യം ഈ ശ്രദ്ധക്ഷണിക്കലിലൂടെ സൂചിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇവിടെ ഉന്നയിക്കപ്പെട്ട സബ്മിഷൻ മുമ്പ് പലതവണ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഒരു കാര്യം ആമുഖമായി സൂചിപ്പിക്കുന്നത്, മൂവാറ്റുപുഴ ആറിലോ പിറവം പ്രദേശത്തോ ആലപ്പുഴ-ചേർത്തല പ്രദേശത്തോ

ലഭ്യമാകുന്ന വെള്ളത്തിന്റെയോ ഇറിഗേഷന്റെയോ സാധ്യതകൾക്ക് തടസ്സംവരുന്ന രീതിയിലുള്ള പ്രവർത്തനമാണെന്ന് വരുംകാല ഭാവിയിൽ ചിന്തിക്കത്തക്ക വിധത്തിലല്ല ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഏറെക്കാലങ്ങൾക്ക് മുമ്പ് വന്നിട്ടുള്ള പല വിഷയങ്ങളും ഇവിടെ സൂചിപ്പിച്ചു. അന്നത്തെ സാങ്കേതിക കാര്യങ്ങൾ എല്ലാവർക്കും അറിയാം. പക്ഷേ കാണേണ്ട കാര്യം, മീനച്ചിലാറിനെ സജ്ജമാക്കിയാലും കോട്ടയം ജില്ലയിൽ ഒരുതുള്ളി നീർപോലും കൊടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷം വരും. മീനച്ചിലാർ മഴക്കാലത്തുമാത്രം ഒഴുകുന്നതും പിന്നീട് വെള്ളം ഇല്ലാത്ത സ്ഥിതിയുമാണ് അവിടെയുള്ളത്. അതിന് പല ബദലുകളും നോക്കി. അങ്ങനെ വെള്ളം കളക്ട് ചെയ്ത് നിർത്തുന്ന രീതിയിലുള്ള സാധ്യതകളെക്കാൾ ഇവിടെ എടുത്തിരിക്കുന്ന വിഷയങ്ങൾ സൂചിപ്പിക്കാം. അത് തടസ്സങ്ങൾ ഉണ്ടാകാനോ ഏതെങ്കിലും പ്രദേശത്തേയ്ക്ക് കൊടുക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരുത്താനോ ആഗ്രഹിച്ചുകൊണ്ടല്ല. കോട്ടയം ജില്ലയിലെ ജലസേചനത്തിനും കുടിവെള്ളത്തിനുമായുള്ള പ്രധാന ജലസ്രോതസ്സാണ് മീനച്ചിലാർ. കാലാകാലങ്ങളായി കാലാവസ്ഥാ വ്യതിയാനവും നിലവിൽ വൻകിട

ജലസേചന പദ്ധതികളൊന്നും മീനച്ചിലാറിൽ ഇല്ലാത്തതും ഏറെ കാലങ്ങളായി ഈ ജല ദൗർലഭ്യം രൂക്ഷമാക്കുന്നു. ഈ ജലക്ഷാമത്തിന് പരിഹാരമാകുന്ന രീതിയിലാണ് മീനച്ചിലാർ നദീതട പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രധാനമായും മീനച്ചിൽ, മൂവാറ്റുപുഴ റിവർ ബേസിനുകളെ ബന്ധിപ്പിച്ച് മൂവാറ്റുപുഴ നദീ തടത്തിലെ അധിക ജലം മീനച്ചിൽ റിവർ ബേസിനിൽ എത്തിക്കുകയെന്നതാണ് പദ്ധതി. നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ മൂലമറ്റം ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടമായി ഇടുക്കി എക്സ്റ്റൻഷൻ സ്കീം, ഇരുന്നൂറ് മെഗാവാട്ടിന് 4 ജനറേറ്ററുകൾ ഉപയോഗിച്ച് 800 MW വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ സാധ്യതാപഠനമാണ് WAPCOS Ltd., നടത്തിയിട്ടുള്ളത്. അതുകൊണ്ടാണ് നമ്മൾ ഇപ്പോൾ പദ്ധതിയിലേക്ക് പോകാൻ തീരുമാനിച്ചത്. നിലവിൽ മൂലമറ്റത്ത് ഉൽപാദിപ്പിക്കുന്നത് 760 മെഗാവാട്ടാണ്. ആ 760 മെഗാവാട്ട് കൂടാതെയാണ് 200 മെഗാവാട്ടിന് നാല് ജനറേറ്ററുകൾ കൂടി വരുന്നത്. ആ ഒരുലക്ഷ്യം മുൻകാലങ്ങളിൽ ഈ പദ്ധതി വിഭാവനം ചെയ്യുമ്പോൾ ഇല്ലായിരുന്നു. 760 മോഗാവാട്ട് ഉണ്ടായിരുന്ന സമയത്താണ് ഇപ്പോൾ പ്രധാനപ്പെട്ട എം.എൽ.എ.

സൂചിപ്പിച്ചതുപോലെ ഈ പ്രശ്നങ്ങളെ അഡ്രസ് ചെയ്യാനായിട്ട് ചെറിയ ബുദ്ധിമുട്ടുകൾ നേരിട്ടത്. എന്നാൽ നിലവിൽ കെ.എസ്.ഇ.ബി. നടത്തുന്ന പഠനവും ആരംഭിക്കാൻ പോകുന്ന പദ്ധതിയും അധികമായി 800 മെഗാവാട്ട് കൂടി ഉൽപാദിപ്പിക്കുന്നതിനുള്ള സ്ഥിതിവിശേഷം രൂപപ്പെടുന്നു. ഇതാണ് നമ്മൾ ഇക്കാര്യത്തിൽ കാണേണ്ട പ്രധാനപ്പെട്ട കാര്യം. നിലവിലുള്ള ജലവൈദ്യുത പദ്ധതിയിൽ വൈദ്യുതി ഉൽപാദനത്തിനുശേഷം 163 $M^3/s$ ജലം പുറന്തള്ളുന്നു. ഇങ്ങനെ പുറന്തള്ളുന്ന ജലം തൊടുപുഴ ആറിൽ ത്രിവേണി സംഗമത്തിലാണ് എത്തിച്ചേരുന്നത്. രണ്ടാംഘട്ടത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതിയുടെ ഡിസ്ചാർജ് 150 $M^3/s$ ആണ്. ഈ രണ്ട് സ്കീമുകളും peak time-ൽ പ്രവർത്തിക്കുന്നത് നാലുമണിക്കൂർ എട്ടുമിനിട്ട് മാത്രമാണ്. ഇങ്ങനെ ഒരേ സമയത്ത് രണ്ട് സ്കീമുകളും ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ തൊടുപുഴ ആറിൽ വരുന്ന വെള്ളത്തിന്റെ അളവ് 314 $M^3/s$ ആണ്. ഈ ഡിസ്ചാർജ് കൂടാതെ നച്ചാർ, വെളിയാർ എന്നിവയിലൂടെ ഒഴുകിവരുന്ന വെള്ളവുംകൂടി ചേർന്ന് മലങ്കര ഡാമിലും തുടർന്ന് മൂവാറ്റുപുഴ ആറിലും എത്തിച്ചേരുന്നു. ഇങ്ങനെ വരുന്ന അധികം ജലം മീനച്ചിലാറിലേക്ക് തുരങ്ക

പദ്ധതി വഴി തിരിച്ചുവിടുകയാണെങ്കിൽ വേനൽക്കാലത്ത് മീനച്ചിലാറിലും ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്താൻ കഴിയും. മേൽ തുരങ്കപാതാ പദ്ധതിയുടെ വിശദമായ സാധ്യതാ പഠനം നടത്താൻ WAPCOS Ltd.-നെ 15-06-2024-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പഠന പര്യവേക്ഷണങ്ങൾ നടത്തിയതിനുശേഷം ഈ പദ്ധതികളുടെ സാധ്യതകൾ പരിശോധിക്കും. അത്തരത്തിലാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇറിഗേഷനോ കുടിവെള്ളത്തിനോ ഏതെങ്കിലും സ്ഥലത്ത് ഇതിന്റെ ഭാഗമായി കുറവുണ്ടാകുന്ന സാഹചര്യമില്ലായെന്ന ബോധ്യം നിലവിലുണ്ട്. മാത്രമല്ല ആദ്യഘട്ടത്തിൽ പഠനം നടത്തുമ്പോൾ ഈ ഇടുക്കിയുടെ എക്സ്റ്റൻഷൻ സ്കീം ഇല്ലായിരുന്നു. ഇപ്പോൾ 200 മെഗാവാട്ടിന് നാല് ജനറേറ്ററുകൾകൂടി പ്രവർത്തിക്കുന്ന സാഹചര്യം വരുമ്പോൾ അധികമായി വരുന്ന ജലം പൂർണ്ണമായും മലങ്കരയ്ക്കും മൂവാറ്റുപുഴയ്ക്കും ഉപയോഗപ്പെടുത്തുന്നതുപോലെതന്നെ മീനച്ചിലാറിനെകൂടി സജ്ജമാക്കാൻ കഴിയും. അതോടെ കോട്ടയം ജില്ലയിലെ എല്ലാ പ്രദേശത്തും

ശുദ്ധജലത്തിന്റെയും കുടിവെള്ളത്തിന്റെയും ലഭ്യത ഉറപ്പുവരുത്താൻ കഴിയുമെന്നുള്ളതാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് പറയുന്നതെല്ലാം സാധ്യതകളാണ്. ഇടുക്കി എക്സ്റ്റൻഷൻ സ്കീമിൽ നാല് ജനറേറ്ററുകൾ അധികം വയ്ക്കുമ്പോൾ കൂടുതൽ ജലം പുറന്തള്ളുമെന്നും അത് ഇങ്ങോട്ടുകടന്നുവരുമെന്നുമുള്ള സാധ്യതകളെക്കുറിച്ച് മാത്രമാണ് അങ്ങ് പറയുന്നത്. ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുവെന്ന് അങ്ങ് പറയാതെ പറയുകയാണ്. ഞാൻ ആവർത്തിച്ച് പറയുകയാണ്, അധികജലം ഇപ്പോൾ ഇല്ലെന്നുള്ളത് വസ്തുതയാണ്. പിന്നീട് ഈ പറയുന്ന എക്സ്റ്റൻഷൻ അടക്കമുള്ള കാര്യങ്ങൾ നടന്നുവരുമ്പോൾ മാത്രമാണ് അതിന്റെ പ്രായോഗികമായ ഫാക്ട്സ് നമുക്ക് അറിയാൻ കഴിയുന്നത്. ഇപ്പോൾ ഊഹിച്ച് പറയാൻ കഴിയില്ല. സ്വാഭാവികമായും ഇതുണ്ടാക്കാൻ പോകുന്ന പ്രശ്നം ചെറുതല്ല. നിലവിലുള്ള പ്രതിസന്ധി അവിടെ കൂടുതൽ ഉടലെടുക്കുമെന്നതിനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. മീനച്ചിലാർ പ്രദേശത്തേയ്ക്ക് കുടിവെള്ളം അല്ലെങ്കിൽ ജലസേചന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുന്ന alternative

പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് വീണ്ടും പഠനം നടത്തുമോ; ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആ പദ്ധതി വയബിളാണെങ്കിൽ ഈ പദ്ധതി ഉപേക്ഷിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, എക്കാലത്തും പഠനങ്ങൾക്ക് ചില പ്രാധാന്യമുണ്ട്. പദ്ധതി കൊണ്ടുവരുന്നതിനുവേണ്ടി ചിന്തിക്കുന്നത് ഒരു പ്രദേശത്തെയോ മേഖലയെയോ ബുദ്ധിമുട്ടിലാക്കാൻ വേണ്ടിയല്ല. മറ്റൊരു കാര്യംകൂടി സൂചിപ്പിക്കാം. മലങ്കര റിസർവോയറിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയുംമൂലം അതിന്റെ കപ്പാസിറ്റി നാൽപ്പത്തിരണ്ട് ശതമാനത്തോളം കുറഞ്ഞിരിക്കുകയാണ്. അത് ഡീസിൽറ്റ് ചെയ്യാനായി തീരുമാനിക്കുകയാണ്. അത് ഡീസിൽറ്റ് ചെയ്യുമ്പോൾ നിലവിൽ ഉള്ളതിനെക്കാൾ നാൽപ്പത്തിരണ്ട് ശതമാനം വെള്ളംകൂടി സംഭരിക്കപ്പെടും. അത് നമ്മൾ നേരത്തെ കാണാതെ പോയ കാര്യമാണ്. ഇത്തരം കാര്യങ്ങൾ എല്ലാം യോജിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതിയെക്കുറിച്ച് ചിന്തിക്കുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള ആശങ്ക തീർച്ചയായും ഉണ്ടാകേണ്ടതില്ല. ഏതായാലും ഇക്കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

പരിശോധനകളൊന്നുമില്ലാതെ ഒരു സുപ്രഭാതത്തിൽ നടപ്പാക്കാൻ കഴിയുന്ന പദ്ധതിയല്ല. പക്ഷേ ഇതിന്റെ ആവശ്യകത നമ്മൾ ഇരുകൂട്ടരും മനസ്സിലാക്കണം. രണ്ടിടത്തും ഒരുപോലെ ആവശ്യമാണെന്ന് ബോധ്യമനസ്സോടുകൂടി ചിന്തിക്കാം. നല്ല രീതിയിൽ കാര്യങ്ങൾ മുന്നോട്ടുപോകട്ടെ. അതിന്റെയടിസ്ഥാനത്തിൽ മാത്രമാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്. മീനച്ചിൽ നദീതട പദ്ധതിയിലൂടെ വെള്ളം എത്തിച്ചുകൊടുക്കുകയെന്നുള്ളത് ഗവൺമെന്റിന്റെ നയപരമായ തീരുമാനമാണ്. അതോടൊപ്പം ഇപ്പോൾ കൊടുക്കുന്നതിൽനിന്നും ഒരുതുള്ളിവെള്ളംപോലും കുറവ് വരുത്താതെ, മൂവാറ്റുപുഴ, പിറവം, ചേർത്തല എന്നീ ഭാഗങ്ങളിൽ കുടിവെള്ളത്തിനും ജലസേചനത്തിനുമുള്ള വെള്ളമെത്തിക്കുമെന്ന് ഉറപ്പുവരുത്തിയതിനുശേഷമായിരിക്കും ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനെക്കുറിച്ച് ആലോചിക്കുന്നത്.